ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കശുമാവ് കൃഷിയെ നശിപ്പിക്കുന്ന തേയില കൊതുകിനും തണ്ടുതുരപ്പനും എതിരായി കാർഷിക സർവ്വകലാശാല ശുപാർശ ചെയ്തിട്ടുള്ള കീടനാശിനികൾ ഉപയോഗിച്ച് ഏരിയൽ സപ്രേയിംഗ് ഒഴികെയുള്ള സ്പ്രേയിംഗും, മറ്റു സസ്യ സംരക്ഷണ മുറകളും നടപ്പാക്കിവരുന്നു. 2003-2004 വർഷം കേന്ദ്ര സർക്കാർ മുഖേന 20 സസ്യ സംരക്ഷണ ക്യാംപയിനുകൾ വിവിധ ജില്ലകളിൽ നടത്തിയിട്ടുണ്ട്.

(ഡി) മരുന്നു തളിക്കുന്നതിന് ഹെക്ടറിന് 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്.

മണ്ണാർക്കാട് കശുമാവിൻതോട്ടം അഗ്നിബാധയ്ക്കിരയായ സംഭവം

140 [2759] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള മണ്ണാർക്കാട് കശുമാവിൻ തോട്ടം അഗ്നിബാധയ്ക്കിരയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപകടത്തിൽ എത്ര നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്;

(സി) തോട്ടം ലേലം ചെയ്തെടുത്ത ആളുകൾക്ക് സെക്യൂരിറ്റി തുക തിരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-04 സീസണിൽ മണ്ണാർക്കാട് എസ്റ്റേറ്റിലെ തത്തേംഗലം-2 എന്ന ബ്ലോക്കിൽ ചെറിയ അഗ്നിബാധ ഉണ്ടായി. 3 കശുമാവിന്റെ ചുവട്ടിലെ അടിക്കാട് മാത്രം കത്തിപ്പോയിട്ടുണ്ട്. 2004-05 സീസണിൽ അഗ്നിബാധ ഉണ്ടായിട്ടില്ല.

(ബി) സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ല.

(സി) തോട്ടം നേരിൽ കണ്ട് ബോദ്ധ്യപ്പെട്ട് ലേലത്തിൽ പങ്കെടുത്ത് എടുക്കുന്നതിനാൽ കരാറുകാർക്ക് കാലാവധി കഴിയാതെ സെക്യൂരിറ്റി തുക മടക്കി നൽകുവാൻ വ്യവസ്ഥയില്ല.

2/676/2012—25.

LIBRARY ARCHIVES Kerala Legislative Assembly